# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6240 — 20.11.2019 ലെ മറുപടി

## കായലുകളിലെയും ശുദ്ധജലതടാകങ്ങളിലെയും ജല സ്രോതസ്സുകളിലെയും മലിനീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ.ബഷീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കായലുകളും ശുദ്ധജലതടാകങ്ങളും ജല സ്രോതസ്സുകളും വ്യാപകമായതോതിൽ മലിനമാക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ജലമലിനീകരണം കാരണം പല ജലസസ്യങ്ങളുടെയും മത്സ്യങ്ങളുടെയും എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) കായൽ ടൂറിസത്തിന്റെ ഭാഗമായി ഹൗസ് ബോട്ടുകളും മറ്റും സർവീസ് നടത്തുമ്പോൾ പുറംതള്ളുന്ന മാലിന്യങ്ങൾ, ജല സ്രോതസ്സുകളോട് ചേർന്ന് പ്രവർത്തിക്കുന്ന ഫാക്ടറികൾ മറ്റ് സ്ഥാപനങ്ങൾ പുറംതള്ളുന്ന വിഷലിപ്ത മലിനജലം ഇവ ജലമലിനീകരണത്തിന് കാരണമാകുന്നുവെന്ന വസ്തുത ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ; | (സി) ഹൗസ് ബോട്ടുകൾ, ജലസ്രോതസ്സുകൾക്കടുത്ത് പ്രവർത്തിക്കുന്ന വ്യാവസായിക സ്ഥാപനങ്ങൾ എന്നിവ ജല സ്രോതസ്സുകളിലേക്ക് മാലിന്യം നിക്ഷേപിക്കുന്നത് ജലമലിനീകരണത്തിന് കാരണമാകുന്നുണ്ട് എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം കുറയ്ക്കുന്നത് സംബന്ധിച്ച് ടൂറിസം വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഫാക്ടറികളിൽനിന്നുള്ള മലിനീകരണം വിലയിരുത്തി നടപടികൾ സ്വീകരിക്കുന്നത് സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡാണ്. |

(ഡി) ജലമലിനീകരണം സൃഷ്ടിക്കുന്ന ജലയാനങ്ങളെ നിയന്ത്രിക്കുന്നതിനും ജലാശയങ്ങളെ മാലിന്യമുക്തമാക്കുന്നതിനും ജലസസ്യങ്ങളുടെയും നീർപക്ഷികളുടെയും മത്സ്യങ്ങളുടെയും മറ്റും സംരക്ഷണത്തിനും സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ?

(ഡി) ജലയാനങ്ങൾ സൃഷ്ടിക്കുന്ന മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമാണ് സ്വീകരിച്ചുവരുന്നത്. വേമ്പനാട് കായലിലെ ഹൗസ് ബോട്ടുകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് കോഴിക്കോട് ആസ്ഥാനമായുള്ള CWRDM പഠനം നടത്തിയിട്ടുണ്ട് കേരളത്തിലെ മൂന്ന് റാംസർ തടാകങ്ങളുടെ സംരക്ഷണത്തിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്

സെക്ഷൻ ഓഫീസർ